## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-20

03.02.2020-ൽ മറുപടി നല്കേണ്ടിയിരുന്നത്

## പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.കെ.ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് വിവിധ പദ്ധതികൾ സമയബന്ധിതമായി തന്നെ നടപ്പിലാക്കിവരുന്നുണ്ട്. പ്ലാൻസ്പേസ് എന്ന ഓൺലൈൻ പ്ലാൻ മോണിറ്ററിംഗ് സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി എല്ലാ മാസവും ചീഫ് സെക്രട്ടറി, സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം ചെയ്യുന്നുണ്ട്. ഓരോ മൂന്നു മാസത്തിലൊരിക്കൽ ഓരോ വകുപ്പിലെയും പ്രധാനപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി http://www.cmopcmg.kerala.gov.in/ എന്ന വെബ് പോർട്ടലിൽ മുഖ്യമന്ത്രി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും തടസ്സം അനുഭവപ്പെടുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| (ബി) | പ്രധാനപ്പെട്ട പദ്ധതികളുടെ നിലവിലുള്ള പുരോഗതി, പദ്ധതികൾ നേരിടുന്ന തടസ്സങ്ങൾ, പദ്ധതികളുടെ നിശ്ചിത ഷെഡ്യൂൾ അനുസരിച്ചുള്ള പൂർത്തിയാക്കൽ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി അവലോകന യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സർക്കാർ പല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിക്ഷേപം സുഗമമാക്കലും വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളും ലക്ഷ്യമാക്കി പല പദ്ധതികളും സംസ്ഥാനം നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| | | | അതിൽ പ്രധാനപ്പെട്ടവ<br>1. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഈസ് ഓഫ് ഡൂയിംങ് ബിസിനസ് ഇനീഷ്യറ്റീവ് പരിഷ്കരണങ്ങൾ.<br>2. ബിസിനസ് പരിഷ്കരണ കർമ്മപദ്ധതി.<br>3. കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആക്ട് 2018 നടപ്പിലാക്കുന്നതിനുള്ള പൊതു സമ്പർക്ക ക്യാമ്പയിൻ.<br>4. സിംഗിൾ വിൻഡോ ക്ളിയറൻസ് സിസ്റ്റം.<br>5. വിവിധ പൊതുജന സമ്പർക്ക പരിപാടികൾ.<br>6. ബിസിനസ് മീറ്റുകളും റോഡ് ഷോയും.<br>7.കോളേജുകളിൽ സംരംഭകത്വ പരിശീലന പരിപാടി.<br>8. ചെറുപ്പക്കാരുടെ ഇടയിൽ സംരംഭകത്വം വളർത്തി അവരെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി വളർത്തുന്നതിന് ഏയ്ഞ്ചൽ സീഡ് ഫണ്ട് സഹായം.<br>9. കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്ത് സംരംഭകത്വവികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ സ്റ്റാർട്ടപ്പ് മിഷൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നൂതന സംരംഭങ്ങൾ കൊണ്ടുവരിക, അതിന്റെ വിപണനം കണ്ടെത്തുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതിക വിദ്യകളുടെ വേഗത്തിലുള്ള വാണിജ്യവത്കരണത്തിന് ഒരു പ്ലാറ്റ്ഫോം ഒരുക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.<br>10. ലോക കേരള സഭയിലൂടെ പ്രവാസികൾക്ക് കേരളത്തിൽ സംരംഭകത്വം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ലോക കേരളസഭ സംഘടിപ്പിക്കുകയുണ്ടായി.<br>11.സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കേരളത്തിലെ വ്യവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br>12.സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി സംരംഭകർക്കുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിന് വേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്.<br>13.സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് 1999 ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്,<br>കൂടാതെ പത്ത് കോടി രൂപവരെ മുതൽ മുടക്കുള്ള സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലയെന്ന് സർക്കാർ തീരുമാനിക്കുകയും "കേരള സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br>14.ടൂറിസം മേഖലയെ നിക്ഷേപ |

| | | | |
|---|---|---|---|
| . | | | സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ സ്കീമുകൾ വിനോദ സഞ്ചാരവകുപ്പ് നടപ്പാക്കി വരുന്നു. ഹൗസ് ബോട്ടുകൾ-ആയുർവേദ കേന്ദ്രങ്ങൾ മുതലായവയുടെ ക്ലാസിഫിക്കേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല മുതലായ പദ്ധതികൾ, ടൂറിസം നിക്ഷേപകർക്കുള്ള സബ്സിഡി എന്നിവ ഇതിൽ ഉൾപ്പെടുന്നു.<br>15.സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടെ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" (NBFC) എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**